(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലയിൽ ഇനിയും ഇത് നടപ്പിലാക്കാൻ ഉണ്ട് ;

(സി) നോക്കുകൂലിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും ഇത്തരം സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ ശക്തമായ നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഇതിൻപ്രകാരം ആറ് ജില്ലകളിൽ ഏകീകൃത ചുമട്ടു കൂലി നിലവിൽ വന്നിട്ടുണ്ട്. ബാക്കി ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കാനുള്ളത്.

(സി) ഉണ്ട്. നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് റദ്ദുചെയ്യുകയും അമിതമായോ, അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ, ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിനു കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി

249 (2804) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) കൽപ്പറ്റ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ എല്ലാം സൃഷ്ടിച്ചിട്ടുണ്ട്. ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം കണ്ടുപിടിച്ച് നൽകുന്നത് ഇ.എസ്.ഐ. കോർപ്പറേഷൻ ആണ്. ഇതിനായി ഇ.എസ്.ഐ. കോർപ്പറേഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനനുയോജ്യമായ കെട്ടിടം ഇതുവരെ ലഭ്യമായിട്ടില്ല. അതിനാൽ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) അനുയോജ്യമായ കെട്ടിടം കണ്ടെത്തി കഴിഞ്ഞാൽ ഉടൻതന്നെ പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ക്ഷേമ പെൻഷനുകൾ

250 (2805) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ക്ഷേമപെൻഷനുകൾ ഏത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതുവരെ ഏതുമാസംവരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ ?

ഉത്തരം

തൊഴിൽവകുപ്പ് മുഖേന നൽകിവരുന്ന കർഷക തൊഴിലാളി പെൻഷൻ, കേരള അസംഘടിത തൊഴിലാളി റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ എന്നിവ 2014 ജൂൺ മാസംവരെ നൽകിയിട്ടുണ്ട്. കേരള മുരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2014 നവംബർവരെ നൽകിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ നേരിട്ട് നൽകുന്ന പെൻഷൻ കുടിശ്ശിക ഇല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് തൊഴിൽ വകുപ്പ് മുഖേനയാണ് പെൻഷൻ നൽകുന്നത്. ടി ബോർഡുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അഡീഷണൽ ആതറൈസേഷൻ മുഖേന കണ്ടെത്തുന്ന തുകയും ഉപയോഗിച്ചാണ് പെൻഷൻ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly